

ഡോ. എൻ.ഗോപകുമാർ
MS,MCh (Urology),FEBU,FRCS(Glas)
www.drgopakumarurology.com

യൂറോളജി & ആൻഡ്രോളജി

അറിയാതെ മൂത്രം പോകൽ

ഡോക്ടർ, ഞാൻ നാൽപതു വയസ്സായ ഒരു ഐടി ഉദ്യോഗസ്ഥയാണ്. രണ്ടു കുട്ടികളുടെ അമ്മയാണ്. പെട്ടെന്ന് മൂത്രമൊഴിക്കാനുള്ള ഒരു പ്രവണത അടുത്ത കാലത്തായി കൂടുതലായി വരുന്നു. ടോയ്‌ലെറ്റിൽ എത്തുന്നതിനു മുൻപുതന്നെ മൂത്രം അറിയാതെ പോകുന്നു. നിയന്ത്രിക്കാൻ കഴിയുന്നില്ല. എന്തു ചെയ്യണം?

റിയ മരിയ, കോഴിക്കോട്

മൂത്രമൊഴിക്കാൻ തോന്നിയാൽ പിടിച്ചുനിർത്താൻ സാധിക്കാതെ ടോയ്‌ലെറ്റിലേക്ക് ഓടേണ്ടിവരുന്ന അവസ്ഥയാണ് 'ഓവർ ആക്ടീവ് ബ്ലാഡർ.' ഇത്തരം രോഗികൾക്ക് മൂത്രം അറിയാതെ പോകുമെന്നുള്ള ഭയം എപ്പോഴും കാണാം. മൂത്രസഞ്ചി നിറയുമ്പോഴുണ്ടാകുന്ന അനിയന്ത്രിതമായ സങ്കോചങ്ങൾ, അത് താനേ ഉണ്ടാകുന്നതോ പ്രകോപനം മൂലം ഉണ്ടാകുന്നതോ ആകാം ഈ അസുഖത്തിന്റെ രോഗലക്ഷണങ്ങൾക്ക് കാരണം. ഇത്തരം രോഗികൾക്ക് മൂത്രരോഗബാധയോ മറ്റു രോഗങ്ങളോ കാണുകയില്ല. ഓവർ ആക്ടീവ് ബ്ലാഡർ സ്ത്രീകളിലാണ് കൂടുതലായി കാണുന്നത്.

തലച്ചോർ മൂത്രസഞ്ചിയുടെ സങ്കോചങ്ങളെ തുടർച്ചയായി തടയുന്നതിനാൽ മൂത്രസഞ്ചിയിൽ മൂത്രം നിറയുന്നു. നാഡീസംബന്ധമായ രോഗങ്ങൾ തലച്ചോറിന്റെ ഇത്തരം പ്രവർത്തനങ്ങളെ തടയും. അതുമൂലം ഓവർ ആക്ടീവ് ബ്ലാഡർ ഉണ്ടാകുന്നു. വിശദമായ രോഗചരിത്രം, രോഗിയുടെ പരിശോധന മുതലായവ വഴിയാണ് രോഗനിർണയം നടത്തുന്നത്. കാൻസർ, നാഡീവ്യൂഹത്തിന്റെ അസുഖങ്ങൾ, പ്രമേഹം മുതലായ അസുഖങ്ങൾ ഇല്ലെന്ന് ഉറപ്പാക്കണം. മൂത്രപരിശോധനയിൽ മൂത്രരോഗാണുബാധ, മൂത്രത്തിൽ രക്തം മുതലായവ ഉണ്ടോയെന്ന് പരിശോധിക്കണം.

വിവിധങ്ങളായ ചികിത്സാരീതികളെപ്പറ്റി രോഗിയെ പറഞ്ഞു മനസ്സിലാക്കണം. ദ്രവരൂപത്തിലുള്ള പദാർഥങ്ങൾ ഭക്ഷണത്തിൽ കുറയ്ക്കുക, എരിവുള്ളതും എണ്ണയിൽ വറുത്തതുമായ ആഹാരപദാർഥങ്ങൾ ഒഴിവാക്കുക, പുകവലി ഉപേക്ഷിക്കുക മുതലായ കാര്യങ്ങൾ ശ്രദ്ധിക്കണം. രോഗത്തിന് ഫലപ്രദമായ മരുന്നുകൾ ലഭ്യമാണ്. ആന്റികോളിനോർജിക് മരുന്നുകൾ, ബീറ്റാ 3 അഗണിസ്റ്റ് മരുന്നുകൾ, മൂത്രസഞ്ചിക്കകത്ത് എൻഡോസ്കോപ് വഴി കുത്തിവയ്ക്കുന്ന ബോട്ടുലിനം ടോക്സിൻ മുതലായവ അസുഖത്തിന്റെ ചികിത്സയ്ക്ക് നല്ല ഫലം തരും. ഇത്തരം ചികിത്സകൊണ്ട് ഫലപ്രാപ്തി കിട്ടാത്ത തീവ്രമായ രോഗമുള്ള ചില രോഗികൾക്ക് ന്യൂറോ മൊഡ്യുലേഷൻ, കാലുകളിൽ വയ്ക്കുന്ന പ്രീടിബിയൽ ന്യൂറോ മൊഡ്യുലേഷൻ മുതലായവ നല്ല ഫലപ്രാപ്തി തരും. ■

അപ്പുവും എന്തായാലും വൈകുന്നേരം പോകാൻ തന്നെയാണ് തീരുമാനം.'' ബിപിൻ ടിവി കണ്ടിരുന്ന മകനെ കൂട്ടിക്കൊണ്ടു ബെഡ്റൂമിലേക്ക് പോയി. കുളിച്ചൊരുങ്ങി രണ്ടു പേരും മാളിൽ പോയി സീമയ്ക്കും കുടുംബത്തിനും കൊടുക്കാൻ ഗിഫ്റ്റ് വാങ്ങി. തിയറ്ററിൽ പോയി കഴിഞ്ഞ ദിവസം റിലീസ് ആയ സിനിമ കണ്ടു. പിന്നെ രണ്ടു പേരും അഭയ്ക്ക് ഇഷ്ടപ്പെട്ട ഫ്രൈഡ് ചിക്കൻ കഴിച്ചു.

സിനിമ കാണുന്നതിനെക്കാളും ഫ്രൈഡ് ചിക്കൻ കഴിക്കുന്നതിനെക്കാളും അഭയ്ക്ക് ആവേശം വൈകുന്നേരം സീമ ആന്റിയെ കാണാൻ പോകുന്നതിലായിരുന്നു. അവന്റെ സന്തോഷം കണ്ടപ്പോൾ ബിപിൻ രാവിലെ നടന്ന വഴക്കിന്റെ ദേഷ്യവും വീർപ്പുമുട്ടലുമൊക്കെ മറന്നു.

അവർ വീട്ടിൽ എത്തിയപ്പോൾ സമയം വൈകുന്നേരം നാലു മണി കഴിഞ്ഞിരുന്നു.

സീമയുടെ വീട്ടിലേക്കു വരില്ലെന്ന് തീർത്തു പറഞ്ഞെങ്കിലും അപ്പോഴേക്കും അനീഷ പോകാനായി ഒരുങ്ങിക്കഴിഞ്ഞിരുന്നു. മുത്തുകളും കല്ലുകളും പതിച്ച വിലകൂടിയ പുതിയ ചുരിദാറും കഴുത്തു നിറഞ്ഞു കിടക്കുന്ന നെക്ലേസും കൈ നിറയെ വളകളുമായി ഒരുങ്ങി നിൽക്കുന്ന അനീഷയെ കണ്ടപ്പോൾ ബിപിൻ ഒന്നു പതറി.

ഇത്ര ആഡംബരം വേണ്ട എന്നു പറഞ്ഞാൽ അതിന്റെ പേരിലാകും അടുത്ത വഴക്ക്. പക്ഷേ, ഒരു സൗഹൃദ സന്ദർശനത്തിന് ഇത്ര ആർഭാടത്തോടെ എങ്ങനെ പോകും?

''അനീഷ ഒരുങ്ങിക്കഴിഞ്ഞോ?'' ബിപിൻ മടിച്ചു മടിച്ചു ചോദിച്ചു.

''എന്താ? ഞാൻ വരണ്ടേ?''

''അതല്ല. ഇത്ര ഒരുക്കം വേണോ..? അൽപം കൂടി സിമ്പിൾ വേഷം പോരെ?''

''ശ്ശെടാ... ഞാൻ സ്വന്തമായി ഇഷ്ടങ്ങളും സ്വാതന്ത്ര്യവുമൊക്കെയുള്ള ഒരു വ്യക്തിയാണ്. ബിപിന്റെ ഇഷ്ടത്തിന് ഒരുക്കികൂടെ കൊണ്ടുനടക്കാൻ ആണെങ്കിൽ ഒരു പാവയെ വാങ്ങിച്ചാൽ പോരേ...''

''അനീഷ, ഞാനൊരു വഴക്കിനുവേണ്ടി പറഞ്ഞതല്ല. ഒരു സൗഹൃദ സന്ദർശനത്തിനു പോകുമ്പോൾ ഇതൊക്കെ ഓവറല്ലേ?''

''ഒരു കാര്യംചെയ്യ്, ബിപിനും അപ്പുവും കൂടി പൊയ്ക്കോ. ഞാനില്ല. അല്ലേലും എന്ത് സൗഹൃദം? എനിക്ക് ആ സ്ത്രീയോട് ഒന്നുമില്ല. ബിപിൻ അവരുടെ മുന്നിൽ നാണംകെടേണ്ടല്ലോ എന്നു കരുതി വരാൻ ഒരുങ്ങിയ എന്നെ പറഞ്ഞാൽ മതി.''

''നീ എന്തേലും കാണിക്ക് അനീഷാ. ഞാൻ നല്ല മൂഡിലാണ് ഇങ്ങോട്ടു വന്നത്. നിന്നോടു തർക്കിച്ച് അതു കളയാൻ ഞാനില്ല.''

അനീഷയുടെ മറുപടി കേൾക്കാൻ കാത്തുനിൽക്കാതെ ബിപിൻ അകത്തേക്കു പോയി. അനീഷ എന്തൊക്കെയോ പിറുപിറുത്തുകൊണ്ട് വളയും മാലയും ഊരി മേശയിലേക്കെറിഞ്ഞു.

വസ്ത്രത്തിന്റെ പേരിൽ വഴക്കിട്ടെങ്കിലും ബിപിനും അഭയും പോകാനിറങ്ങിയപ്പോൾ ഒരു സാധാരണ ചുരിദാറുമിട്ട് അനീഷയും അവർക്കൊപ്പം കാറിൽ കയറി. സീമയുടെ വീടെത്തുന്നതുവരെ ആരും ഒന്നും മിണ്ടിയില്ല. ഗൂഗിൾ മാപ്പിലെ വഴി പറയുന്ന സ്ത്രീശബ്ദം മാത്രം ഇടയ്ക്കിടെ കേട്ടു.

വെള്ള പെയിന്റടിച്ച, മതിലിന്റെ തൂണിൽ 'ആഷിയാനാ' എന്നെഴുതിയ തിളങ്ങുന്നെയിം ബോർഡുള്ള ബംഗ്ലാവിന്റെ മുന്നിലെത്തിയപ്പോൾ, സീമ വാട്സാപ്പിൽ അയച്ച ലൊക്കേഷനെത്തിയെന്ന് ഗൂഗിൾ മാപ്പ് വിളിച്ചു പറഞ്ഞു. 'ആഷിയാനാ' എന്ന ബോർഡിനു തൊട്ടു താഴെത്തന്നെ 'സീമ ആൻഡ് അനിരുദ്ധ്' എന്നെഴുതിയ ചെറിയ ബോർഡ്.

കാർ ഗേറ്റിനു മുന്നിൽ എത്തിയതും റിമോട്ട് കൺട്രോളിൽ പ്രവർത്തിക്കുന്ന വലിയ ഗേറ്റ് ഇരുവശത്തേക്കുമായി തുറന്നു. വീട് പുറത്തുനിന്ന് കണ്ടതിലും വലുതാണല്ലോ എന്ന അമ്പരപ്പോടെയാണ് ബിപിൻ കാർ അകത്തേക്കെടുത്തത്. അനിരുദ്ധും സീമയും ആപ്തയും അവരെക്കാത്ത് വരാന്തയിൽ നിൽക്കുന്നുണ്ടായിരുന്നു.

കാർ നിർത്തിയതും അഭയ് ഉൽസാഹ